**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1109** **31-01-2024 - ൽ മറുപടിയ്ക്ക്**

**മുല്ലശ്ശേരി-പാവറട്ടി പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മുല്ലശ്ശേരി-പാവറട്ടി പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ആർ കെ ഐ (Rebuild Kerala Initiative) -യിൽ ഉൾപ്പെടുത്തി പാവറട്ടി-മുല്ലശ്ശേരി പഞ്ചായത്തു കളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്ന തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തി നിലവിൽ അവസാനഘട്ടത്തിലാണ്. |
| (ബി) | ഏതെല്ലാം പ്രവൃത്തികളാണ് ഇനി ബാക്കിയുള്ളതെന്നും ഈ പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്നും അറിയിക്കാമോ? | (ബി) | പാവറട്ടിയിലെയും മുല്ലശ്ശേരിയിലെയും ടാങ്കുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇൻറർ കണക്ഷൻ വർക്ക് ബാക്കിയുണ്ട്.<br><br>പാവറട്ടി-മുല്ലശ്ശേരി പഞ്ചായത്തുകളിലേക്കുള്ള ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ആകെ 109 കിലോ മീറ്ററിൽ 93.23 കിലോ മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ 13576 ഗാർഹിക കണക്ഷനുകളിൽ 4629 കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br><br>റെയിൽവെ ക്രോസ്സിംഗിനായി 20.11.2023-ൽ ഉടമ്പടി വയ്ക്കുകയും 22.11.2023-ൽ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ ദർഘാസ് അംഗീകാരത്തിനായി ലഭിച്ചത് സൂക്ഷ്മപരിശോധന നടത്തിക്കൊണ്ടിരിക്കുക യാണ്. റെയിൽവെ ക്രോസ്സിംഗിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ